# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 27, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

കോവിഡ് മൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: കോവിഡ് മഹാമാരിയും ലോക്ഡൗണും കാരണമുണ്ടായ തകർച്ചയും സാധാരണ ജനങ്ങൾക്കുണ്ടായ സാമ്പത്തിക ബാധ്യതയും പരിഹരിക്കാൻ ക്രിയാത്മമായ ഇടപെടൽ നടത്തുന്നതിൽ സർക്കാർ

പരാജയപ്പെട്ടതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കോവിഡ് വ്യാപനം രൂക്ഷമായിരിക്കുന്ന ഈ കാലയളവിൽ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് കൃത്യമായ പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്ക് സൗജന്യ കോവിഡ് ചികിത്സ ലഭ്യമാക്കാനും ഭക്ഷ്യകിറ്റും ക്ഷേമപെൻഷനുകളും വിതരണം ചെയ്യാനും ഉപജീവന മാർഗ്ഗമില്ലാത്തവർക്ക് സമാശ്വാസം പദ്ധതിയും സംരംഭക മേഖലയ്ക്ക് ഉണർവേകാൻ വിവിധ പരിപാടികളും നടപ്പിലാക്കാൻ സാധിച്ചു. കുടുംബശ്രീ വഴി മുഖ്യമന്ത്രിയുടെ 'സഹായഹസ്തം' പദ്ധതി നടപ്പാക്കുകയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം 2.1 കോടി അധിക തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾക്ക് പലിശ സബ്സിഡി അനുവദിക്കുകയും ക്ഷേമപെൻഷൻ ലഭിക്കാത്തവർക്ക് 1000 രൂപ വീതം നൽകുകയും ചെയ്തു.

കാർഷികമേഖലയുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ, വാണിജ്യാവശ്യങ്ങൾക്കും എം.എസ്.എം.ഇ.-കൾക്കും പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്കും കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ, കുടുംബശ്രീ-അയൽക്കൂട്ടങ്ങൾക്ക് നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം വഴി സാമ്പത്തിക സഹായം തുടങ്ങിയവയ്ക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാരിന് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കോവിഡ് മഹാമാരിയും ലോക്ഡൗണംമൂലം സമസ്ത മേഖലകളിലുമുണ്ടായ തകർച്ചയും സാധാരണ ജനങ്ങൾക്കുണ്ടായ സാമ്പത്തിക ബാധ്യതയും പരിഹരിക്കാൻ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വ്യവസായം, കൃഷി, ടൂറിസം മേഖലകളിലെ തൊഴിലാളികൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സാമ്പത്തിക സഹായം നൽകാൻ തയ്യാറാകണം. സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ വിദഗ്ദ്ധരുമായി

ആലോചിച്ച് കോവിഡ് നയം രൂപീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആരോഗ്യരംഗത്തെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 2800 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കോവിഡ് ചികിത്സയുടെ ഭാഗമായി ഉല്പാദനം വർദ്ധിപ്പിച്ച് ഓക്സിജൻ സംഭരിക്കാൻ സാധിച്ചതും ഓക്സിജൻ ബെഡ്ഡുള്ള ആശുപത്രികൾ സജ്ജീകരിച്ചതും സി.എഫ്.എൽ.ടി.സി.-കളിലുൾപ്പെടെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചതും സ്വകാര്യ ലാബുകളിലെ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിരക്ക് കുറച്ചതും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ്. പ്രവാസികളെ സംരക്ഷിക്കാൻ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും മോട്ടോർ വെഹിക്കിൾ, ടൂറിസം മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ഭീഷണിക്കെതിരെ നിലപാട് ശക്തമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സൗജന്യ കിറ്റ് വിതരണത്തെയും കോവിഡ് സാഹചര്യങ്ങളിൽ ഏർപ്പെടുത്തിയ

പ്രതിരോധ പ്രവർത്തനങ്ങളെയും നിയന്ത്രണങ്ങളെയും എതിർക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. 37.38 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും 16.19 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയതിലൂടെ വാക്സിനേഷനിൽ ദേശീയ ശരാശരിയേക്കാൾ മുന്നിലെത്താൻ കേരളത്തിന് സാധിച്ചു. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടുകൾ ഫലപ്രദവും കാര്യക്ഷമവും നാടിന്റെ രക്ഷയ്ക്കുതകുന്നതുമാണ്. കോവിഡ് വ്യാപനത്തിന്റെ വിവിധ ഘട്ടങ്ങളിൽ സർവ്വകക്ഷി യോഗങ്ങൾ ചേർന്ന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായാണ് രോഗവ്യാപനം ഒരുപരിധിവരെ നിയന്ത്രിക്കാൻ സാധിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ, നെൽകൃഷി, വിളവെടുപ്പ്, സംഭരണം, ചെറുകിട വ്യവസായങ്ങൾ, വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലോക്ഡൗണുമായി ബന്ധപ്പെട്ട് ഇളവുകൾ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10 ശതമാനത്തിൽ കുറയാതെ നിൽക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ വിദഗ്ധരുമായി ചർച്ച ചെയ്ത് ശരിയായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) പ്രീപ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: പൊതുവിദ്യാലയങ്ങളിലെ പ്രീപ്രൈമറി മേഖലയിലെ ജീവനക്കാരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടിയുണ്ടാകണം. 2115 പ്രീ പ്രൈമറി സ്ഥാപനങ്ങൾക്ക് മാത്രമാണ് സർക്കാർ അംഗീകാരമുള്ളത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പ്രീപ്രൈമറി അദ്ധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പിന്റെ പരിശീലനങ്ങളോ കൈപ്പുസ്തകങ്ങളോ ലഭിക്കുന്നില്ല. ഈ വിദ്യാലയങ്ങൾക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനാകൂ. ജീവനക്കാർക്ക് മാന്യമായ വേതനം നൽകുന്നതോടൊപ്പം അവരുടെ

നിയമനത്തിന് അംഗീകാരവും നൽകുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രീപ്രൈമറി ടീച്ചർമാരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും വേതനത്തിനുപുറമെ ടീച്ചർമാർക്ക് 600 രൂപയും ആയമാർക്ക് 400 രൂപയും ഓണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന നിശ്ചിത യോഗ്യതയുള്ള പ്രീപ്രൈമറി ടീച്ചർമാർക്ക് 5000 രൂപയും ആയമാർക്ക് 3500 രൂപയും ഓണറേറിയം അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും 07-12-2012-ന് ശേഷം ആരംഭിച്ച പ്രീപ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും നിയമനാംഗീകാരം ലഭ്യമാക്കി സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(2) അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ്

ശ്രീ. എ. കെ. എം. അഷ്റഫ്: കേരളത്തിന് പുറത്ത് യു.ജി.സി അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽ നിന്നും അലൈഡ് ഹെൽത്ത്

കോഴ്സുകളിൽ ബിരുദ-ബിരുദാനന്തര പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ആരോഗ്യ സർവ്വകലാശാല അംഗീകരിക്കുകയോ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുകയോ ചെയ്യാത്തതുമൂലം ഇവർക്ക് കേരളത്തിലും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനോ തുടർപഠനം നടത്തുന്നതിനോ കഴിയാത്ത സ്ഥിതിയാണുള്ളത്. ടി സർവ്വകലാശാലകളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും പാരാമെഡിക്കൽ ഡിപ്ലോമ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ കോളേജുകളിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാൻ നിലവിൽ സംവിധാനമില്ല. ആരോഗ്യപരിപാലനവും രോഗീപരിചരണവും സംബന്ധിച്ച കോഴ്സുകളുടെ പഠനനിലവാരം പരിശോധിക്കാൻ വിപുലമായ സംവിധാനം ആവശ്യമാണ്.

കേന്ദ്ര നിയമമായ 'നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021' പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് കോഴ്സുകളുടെ നിലവാരം, വിദ്യാർത്ഥികളുടെ യോഗ്യത എന്നിവ പരിശോധിച്ച് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്ന അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് സർവ്വകലാശാല തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

## III. സബ്മിഷൻ

### 1. ബയോഡാറ്റയിലെ വ്യാജ വിവരങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ബയോഡാറ്റയിൽ വ്യാജ വിവരങ്ങൾ നൽകി സെർച്ച് കമ്മിറ്റിയെ കബളിപ്പിച്ചുവെന്ന പരാതി സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട പരാതിയിൽ രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബയോഡാറ്റയിൽ

രേഖപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തനപരിചയവും സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 2. ദേശീയ ജലപാത

ശ്രീ. പി. പി. ചിത്തരഞ്ജൻ: ദേശീയ ജലപാതയുടെ സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ദേശീയ ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നിലവിൽ ഗതാഗതയോഗ്യമായിട്ടുണ്ട്. കോട്ടപ്പുറം മുതൽ വടകര വരെയുള്ള ജലപാതയിലെ ചില ലോക്കുകളും പാലങ്ങളും പൂർത്തിയാക്കാനുണ്ട്. മാഹി മുതൽ ബേക്കൽ വരെയുള്ളതിൽ പുതിയ കനാൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ശേഷിക്കുന്ന സംസ്ഥാന ജലപാത ഗതാഗതയോഗ്യമാക്കി 2025-ഓടെ പശ്ചിമതീരദേശ ജലപാത സജ്ജമാക്കുന്നതിന് ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജലപാതയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ഉയരവും വീതിയും കുറഞ്ഞ പാലങ്ങളുടെ പുനർനിർമ്മാണം, കനാലിന്റെ വീതിയും ആഴവുംകൂട്ടൽ

പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. ദേശീയ ജലപാത യാഥാർത്ഥ്യമാകുന്നതോടെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനും അന്തരീക്ഷ മലിനീകരണം കുറച്ചുകൊണ്ടുവരാനും കഴിയും.

## 3. ശമ്പളപരിഷ്കരണവും പെൻഷനും

ശ്രീമതി സി. കെ. ആശ: നഗര ശുചീകരണത്തൊഴിലാളികളുടെ ശമ്പളവും പെൻഷനും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നഗര/മുനിസിപ്പൽ/കോർപ്പറേഷൻ ശുചീകരണത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നത്. 01-07-2019 മുതൽ മുൻകാല പ്രാബല്യത്തിലാണ് അവരുടെ ശമ്പള/പെൻഷൻ പരിഷ്കരണം ശിപാർശ ചെയ്തിരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്ന ശുചീകരണത്തൊഴിലാളികളെ ഒഴിവുവരുന്ന മുറയ്ക്ക് സ്ഥിരം കണ്ടിജന്റ് പോസ്റ്റിൽ സ്ഥിരപ്പെടുത്തുകയും അടിയന്തര സാഹചര്യങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ

നിയമിക്കുകയും കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാറുണ്ട്. തൊഴിലാളികൾക്കാവശ്യമായ സുരക്ഷാസംവിധാനങ്ങളും വിവിധ അലവൻസുകളും ചികിത്സാ സഹായവും ആർജ്ജിതാവധി, അർദ്ധവേതനാവധി, സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്, മെറ്റേണിറ്റി/പെറ്റേണിറ്റി ലീവ് എന്നിവയും നൽകിവരുന്നു.

## 4. കടൽഭിത്തി നിർമ്മാണം

ശ്രീ. എച്ച്. സലാം: അമ്പലപ്പുഴയിൽ തോട്ടപ്പള്ളി മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വിജയ് പാർക്കുവരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാക്കാഴം മുതൽ പുന്നപ്രവരെയുള്ള പ്രദേശങ്ങളിൽ കടലാക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കിഫ്ബിയിൽനിന്ന് ധനസഹായം ലഭ്യമാക്കി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുകയും ചെയ്തുവരുന്നു. കാക്കാഴം മുതൽ

വളഞ്ഞവഴിവരെയുള്ള ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടപ്പള്ളി മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വിജയ് പാർക്കുവരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 5. വൈവിധ്യവൽക്കരണം

ശ്രീ. എം. വിജിൻ: തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വൈവിധ്യവൽക്കരണവും ടെക്നോളജി അപ്ഗ്രഡേഷൻ നടത്തിയും കണ്ണൂർ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിനെ ഇന്ത്യയിലെ മികച്ച പൊതുമേഖലാ സ്ഥാപനമാക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വിവിധയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളും നിർമ്മിക്കുന്ന മങ്ങാട്ടുപറമ്പിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് 2017 മുതൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ വൈവിധ്യവൽക്കരണവും സമഗ്രവികസനവും ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 പ്രോജക്ടുകൾ കമ്മീഷൻ ചെയ്യുകയും ഡോ. കെ.പി.പി. നമ്പ്യാർ ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രം

കമ്പനിയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സൂപ്പർ കപ്പാസിറ്റർ, സർഫസ് മൗണ്ടഡ് കപ്പാസിറ്റർ റെസിസ്റ്റൻസ് ക്രിസ്റ്റൽ, ആക്റ്റീവ് ഇലക്ട്രോണിക് കംപോണന്റ് തുടങ്ങിയവയുടെ ഉല്പാദനം തുടങ്ങുന്നതോടെ വിറ്റുവരവും തൊഴിലവസരങ്ങളും വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 6. പരിസ്ഥിതിലോല നിയമത്തിന്റെ പരിധി

ശ്രീ. സണ്ണി ജോസഫ്: കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനപ്രകാരം കേരളത്തിലെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും പരിസ്ഥിതിലോല നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവിസങ്കേതങ്ങൾക്കും ചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും 20 എണ്ണത്തിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജനസാന്ദ്രതകൂടിയ പ്രദേശങ്ങളെയും കൃഷിസ്ഥലങ്ങളെയും

സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കി 14 വന്യജീവിസങ്കേതങ്ങൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളെ ഇക്കോസെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തുന്നതിനുള്ള പുതുക്കിയ കരട് വിജ്ഞാപനം വീണ്ടും കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലയെയും കൃഷിസ്ഥലങ്ങളെയും പരമാവധി ഒഴിവാക്കി സമർപ്പിച്ച പുതിയ പ്രൊപ്പോസലിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കാൻ ശ്രമിക്കുന്നതോടൊപ്പം പ്രാദേശിക സമിതികളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

## 7. തുക ചെലവഴിക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നോ പ്രത്യേക ഫണ്ടിൽനിന്നോ തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നിലവിലെ നിയമമനുസരിച്ച് ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ഫണ്ട് വിനിയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കുടുംബശ്രീ വഴി 62000-ത്തോളം ലാപ്ടോപ്പുകൾക്ക് രജിസ്റ്റർ ചെയ്യുകയും

കൃത്യസമയത്ത് നൽകാത്ത കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്; കൂടാതെ കെ.എസ്.എഫ്.ഇ. മുഖേന വായ്പ കൊടുക്കാനുള്ള സംവിധാനവും ആലോചിച്ചിട്ടുണ്ട്. വിദ്യാതരംഗിണി പദ്ധതിയുടെ ഭാഗമായി 32,634 ഉപകരണങ്ങൾക്ക് ലോൺ അനുവദിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽനിന്നോ/പ്രത്യേക ഫണ്ടിൽനിന്നോ തുക അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

## 8. കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

ശ്രീ. പി. ടി. എ. റഹീം: കുന്ദമംഗലം ടൗണിലെ സ്ഥലം ഉപയോഗപ്പെടുത്തി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മുൻ നിശ്ചയ പ്രകാരമുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. എ.ഡി.ബി. വായ്പയുടെ കാലാവധി അവസാനിച്ചതിനാൽ പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## 9. കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ലിന്റോ ജോസഫ്: തിരുവമ്പാടിയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററും ഓഫീസും നിലനിർത്തുന്നതിനും ആയതിന് എം.എൽ.എ ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കൈമാറ്റം ചെയ്താൽ പ്രസ്തുത ഡിപ്പോയുടെ നിർമ്മാണം തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 10. ഡയാലിസിസ് സെന്റർ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വേങ്ങര സി.എച്ച്.സി.-യിൽ സർക്കാർ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനും വേങ്ങര കുന്നുംപുറം പി.എച്ച്.സി.-യെ സി.എച്ച്.സി. ആക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വേങ്ങര റവന്യൂ ബ്ലോക്കിൽനിന്നും വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് ഭരണാനുമതി

നൽകി തുക അനുവദിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായുള്ള സ്റ്റാൻഡേർഡൈസേഷൻ പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് നിഷ്കർഷിച്ചിട്ടില്ലെങ്കിലും അത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

## IV. പ്രത്യേക അനുമതി

<u>നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം</u>

നടപ്പുസമ്മേളനത്തിലെ നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.-യുടെ അപേക്ഷ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

## V. ധനകാര്യം

<u>2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(672,22,98,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

(188,76,67,000 രൂപ)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. നന്ദകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന നയം സ്വീകരിക്കുമ്പോൾ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടുന്നത് സ്വാഗതാർഹമാണ്. വ്യാവസായിക മേഖലയിൽ ഏകജാലക സംവിധാനം, പരാതികൾ ഉടനടി പരിഹരിക്കൽ, കാലഹരണപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യാൻ നടപടി തുടങ്ങിയവ

നിക്ഷേപസൗഹൃദ അന്തരീക്ഷത്തിന് സഹായകരമായിട്ടുണ്ട്. എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ നിരക്കിൽ മൂലധനം കണ്ടെത്തുന്നതിനും പലിശ ഇളവ് നൽകുന്നതിനും തുക അനുവദിച്ചത് അഭിനന്ദനാർഹമാണ്. പരമ്പരാഗത വ്യവസായ മേഖലകളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഉല്പാദനവും വിപണന സാധ്യതയും വർദ്ധിപ്പിക്കുകയും ടെക്സ്റ്റൈൽ മേഖലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയും വേണം. ഗെയ്ൽ പൈപ്പ്‍ലൈൻ പദ്ധതിക്ക് സ്ഥലമെടുപ്പ് പൂർത്തീകരിച്ചത് ശ്ലാഘനീയമാണ്. പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് അന്താരാഷ്ട്ര മാർക്കറ്റിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമുണ്ടാക്കണം. എഫ്.എ.സി.ടി.-യിൽ യൂറിയ പ്ലാന്റ് സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനും എൽ.പി.ജി.-യുടെ ഉപയോഗം വ്യാപകമാക്കാനും നടപടിയുണ്ടാകണം. സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രി, ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുടെ നിർമ്മാണമേഖല എന്നിവ മെച്ചപ്പെടുത്തുന്നതിനും കൊച്ചി-മംഗലാപുരം വ്യവസായ ഇടനാഴി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക വിളകളെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനും വനിതാ പ്രവാസി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഓൺലൈൻ മാർക്കറ്റിംഗിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഇക്കോ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റണം. കോവിഡ് പ്രതിസന്ധിയിൽ സംരംഭകരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കയറുൽപ്പാദനവും വിൽപ്പനയും സംഭരണവും വർദ്ധിപ്പിക്കാനായി ഇലക്ട്രോണിക് റാട്ടുകൾ നൽകുകയും ആട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുകയും ചെയ്തതിലൂടെ കയർ മേഖലയ്ക്ക് പുത്തനുണർവ് നൽകാൻ സാധിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം സമ്പൂർണ്ണമാക്കുന്നതിനും ഡീ-ഫൈബറിംഗ് യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചകിരി സംഭരിച്ച് വിതരണം ചെയ്യുന്നതിനും നടപടിയുണ്ടാകണം.

പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിച്ച് കേന്ദ്രസഹായം ലഭ്യമാക്കണം. കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കി ഹാന്റക്സിനെ ശക്തിപ്പെടുത്തുകയും പുനഃസംഘടനാ നടപടികൾ ത്വരിതപ്പെടുത്തുകയും മുള, ഈറ്റ, ചൂരൽ തൊഴിലാളികൾക്കുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും വേണം.

ശ്രീ. മഞ്ഞളാംകുഴി അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് യുവാക്കൾ സംരംഭകരാകുന്നത് പ്രോത്സാഹിപ്പിക്കണം. വ്യവസായ മേഖലയിൽ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും തൊഴിൽ നഷ്ടപ്പെട്ടുവരുന്ന പ്രവാസികളെ ഇലക്ട്രോണിക്, ഐ.ടി., ബയോ ടെക്നോളജി മേഖലകളിൽ നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യണം. പ്രത്യേക ടീമിനെ നിയോഗിച്ച് വ്യവസായികൾക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഗ്രാന്റും സബ്സിഡിയും ലഭ്യമാക്കണം. കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ വികസനരംഗത്ത് വൻമുന്നേറ്റമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്. മുതലമടയിൽ വ്യവസായ പാർക്ക്

സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ഉൽപാദന/വ്യവസായ മേഖലകളിൽ ലാഭമുണ്ടാക്കിയതും പരമ്പരാഗത വ്യവസായ മേഖലകളിലെ അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികളെ സംരക്ഷിച്ചതും പുതിയ വ്യവസായ സംരംഭങ്ങൾക്കാവശ്യമായ ഭൂമിയും ഫണ്ടും അനുവദിച്ചതും കാർഷികോൽപ്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനായി വ്യവസായ പാർക്കുകളുടെ പ്രവർത്തനം ആരംഭിച്ചതും അഭിനന്ദനാർഹമാണ്.

വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്ര തീരുമാനത്തിനെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ചുനിൽക്കണം. ഇടമൺ-കൊച്ചി പവർ ഹൈവേ പൂർത്തീകരിച്ചതും ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് തുടക്കം കുറിച്ചതും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ സോളാർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തതും സർക്കാരിന്റെ നേട്ടങ്ങളാണ്. പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിലൂടെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും നൂറുദിന കർമ്മ പരിപാടിയിലൂടെ സമസ്ത മേഖലകളിലും ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തുന്നതും സ്വാഗതാർഹമാണ്. 30 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായും 120 യൂണിറ്റുവരെ ഉപയോഗിക്കുന്നവർക്കും കാർഷിക മേഖലയിലെ ഉപയോഗങ്ങൾക്കും സബ്സിഡി നിരക്കിലും വൈദ്യുതി നൽകിക്കൊണ്ട് ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് വ്യവസായ/വൈദ്യുതി വകുപ്പുകളിലൂടെ നടപ്പാക്കുന്നത്. ചെറുകിട വ്യവസായങ്ങൾ കൂടുതലായി ആരംഭിക്കാനും വായ്പകൾക്ക് ആറ് മാസം മൊറട്ടോറിയം ഏർപ്പെടുത്താനും സൗജന്യ വൈദ്യുതി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പുതിയ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കൽ, പ്രവാസികൾക്ക് അഞ്ച് ശതമാനം പലിശയ്ക്ക് വായ്പ, കെ-സ്വിഫ്റ്റ് പദ്ധതി, വ്യവസായ ഇടനാഴി തുടങ്ങി വ്യവസായ രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പൂഞ്ഞാറിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റ് ഉൽപാദിപ്പിക്കാനും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി ബോർഡിനെ കാര്യക്ഷമമായ പൊതുമേഖലാ സ്ഥാപനമായി നിലനിർത്താൻ സർക്കാരിന് സാധിച്ചു. ലോഡ്ഷെഡിംഗും പവർകട്ടും ഏർപ്പെടുത്താത്തതും വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്താത്തതും അഭിമാനകരമാണ്. വ്യവസായ നിക്ഷേപകരോട് അനുകൂല നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വടക്കാഞ്ചേരിയിലുള്ള കെൽട്രോണിന്റെ ഭൂമിയേറ്റെടുത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും വ്യവസായപാർക്കുകളുടെ പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നതിനും പോൾ കാസ്റ്റിംഗ് യാർഡ് പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കശുവണ്ടി ഫാക്ടറിയിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക പിന്തുണ നൽകുന്നതിൽ സർക്കാർ പരാജയമാണ്. ഫിക്സഡ് ചാർജ്ജിൽനിന്നും വ്യാപാരികളെ ഒഴിവാക്കുന്നതിനും പ്രളയ സെസ് ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയ വ്യാപാരികളിൽനിന്നും 18 ശതമാനം പലിശ ഈടാക്കുന്നതിനുള്ള തീരുമാനം പിൻവലിക്കാനും തയ്യാറാകണം. വിദ്യാർത്ഥികൾക്ക് കോകോണിക്സ് ലാപ്ടോപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട

ഇടപാടുകളെ സംബന്ധിച്ച് അന്വേഷണം നടത്തണം. കുണ്ടറ നിയോജകമണ്ഡലത്തിലെ പൊതു/സ്വകാര്യ മേഖലകളിലെ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടിയെടുക്കണം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നതിനായി കശുവണ്ടി വ്യവസായത്തെ നെഗറ്റീവ് ലിസ്റ്റിൽ നിന്നും ഒഴിവാക്കണം.

ശ്രീ. പി. ജെ. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പെട്രോ കെമിക്കൽസ് പാർക്കിൽ തൊഴിൽ ലഭിച്ചിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കുന്നതോടൊപ്പം ടി സ്ഥാപനത്തിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ആവശ്യമായ കോഴ്സുകൾ ആരംഭിക്കാനും നടപടിയുണ്ടാകണം. മുൻ ബഡ്ജറ്റിൽ പരാമർശിച്ച വിവിധോദ്ദേശ്യ വ്യവസായ പാർക്കുകളിൽ എത്രയെണ്ണം പ്രാവർത്തികമായെന്ന് വ്യക്തമാക്കണം. ഭൂഗർഭ കേബിളിംഗും അൺ-ഇന്ററപ്റ്റഡ് പവർ സപ്ലൈയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായങ്ങളാരംഭിക്കാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കൽ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പത്തുവർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ഓരോ വ്യവസായ സ്ഥാപനവും ഹ്രസ്വ-ദീർഘ പദ്ധതികൾ

തയ്യാറാക്കൽ, സാങ്കേതികവിദ്യ മെച്ചപ്പെടുത്തി വ്യവസായങ്ങൾ ലാഭത്തിലെത്തിക്കൽ, ഓൺലൈൻ സംവിധാനം ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രഖ്യാപനങ്ങൾ പ്രതീക്ഷ നൽകുന്നതാണ്.

വ്യവസായത്തിനായി മാറ്റിവയ്ക്കപ്പെട്ട ഭൂമി വ്യവസായേതര ആവശ്യത്തിനായുപയോഗിക്കുന്ന സ്ഥിതിയുണ്ടാകരുത്. ആവശ്യമായ ഇളവുകളും സൗജന്യങ്ങളും നൽകി വ്യവസായികളെ പ്രോത്സാഹിപ്പിക്കണം. ബി.പി.സി.എൽ.-ൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയെ ഉൾപ്പെടുത്താനും മൂല്യവർധിത ഉല്പന്നങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താനും കഴിയണം. എറണാകുളം മുളവുകാട് ഗ്രാമപഞ്ചായത്തിൽ ലോജിസ്റ്റിക് ആൻഡ് ഇൻഡസ്ട്രിയൽ പാർക്കും പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിയും ആരംഭിക്കാനും തകർച്ച നേരിടുന്ന പൊതുമേഖലാ വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാനും വ്യവസായസംരംഭകർക്ക് സമയബന്ധിതമായി എൻ.ഒ.സി. നൽകാനുള്ള സംവിധാനം സുതാര്യമാക്കാനും നടപടിയുണ്ടാകണം. <u>കൂത്തു</u>പറമ്പ്

നിയോജകമണ്ഡലത്തിലെ നവോദയക്കുന്നിൽ കിൻഫ്രയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണം. കാർഷികമേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാവസായികതലത്തിൽ കൊണ്ടുവരുന്നതിനും സോളാർ എനർജി വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. നൗഷാദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉത്പാദനമേഖലയിൽ മുന്നേറ്റമുണ്ടാക്കിയതും പ്രസരണനഷ്ടം കുറച്ച് വൈദ്യുതിവിതരണം കാര്യക്ഷമമാക്കിയതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതും ശ്ലാഘനീയമാണ്. വ്യവസായത്തെയും വ്യവസായികളെയും സംരക്ഷിക്കുന്ന നിലപാടുകൾ സ്വീകരിക്കുകയും കേന്ദ്രീകൃത പരിശോധനാ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ട്രേഡ്-കം-എക്സിബിഷൻ സെന്റർ സ്ഥാപിക്കാനുള്ള നടപടിയും എം.എസ്.എം.ഇ.-കളുടെ പ്രവർത്തനത്തിന് പാക്കേജ് തയ്യാറാക്കിയതും വ്യവസായികൾക്കുള്ള വായ്പാപരിധി വർദ്ധിപ്പിച്ചതും പലിശ സബ്സിഡി നൽകി പിഴപ്പലിശ ഒഴിവാക്കിയതും സ്വാഗതാർഹമാണ്. കശുവണ്ടി വ്യവസായത്തെയും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെയും സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ വിഭജിച്ച് എം.എസ്.എം.ഇ. ഡയറക്ടറേറ്റ് രൂപീകരിക്കാനും സേവനമേഖലയ്ക്കും ഉൽപ്പാദനമേഖലയ്ക്കും വ്യത്യസ്തമായ ഉദ്യോഗസ്ഥ സംവിധാനങ്ങൾ കൊണ്ടുവരാനും നടപടി സ്വീകരിക്കണം. എം.എസ്.എം.ഇ. സെക്ടറിൽ വൻകിട വ്യവസായങ്ങൾക്ക് ഭൂമി ലീസിനും ചെറുകിട വ്യവസായങ്ങൾക്ക് ഓണർഷിപ്പും നൽകുന്നതിന് നടപടിയുണ്ടാകണം. കാർഷികോൽപ്പന്നങ്ങൾക്ക് സംസ്കരണ കേന്ദ്രങ്ങൾ തുറക്കാനും കോവിഡ് കാലത്ത് പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ഫിക്സഡ് കറണ്ട് ചാർജ്ജ് ഒഴിവാക്കാനും തയ്യാറാകണം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആയിരക്കണക്കിന് അഭ്യസ്തവിദ്യർക്ക് ജോലി ലഭ്യമാകാനുതകുന്ന രീതിയിൽ ഇലക്ട്രിക്കൽ വാഹന നിർമ്മാണത്തിന്റെ ഹബ്ബായി കേരളം മാറാൻ പോകുകയാണ്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ ഹബ്ബായി കോഴിക്കോടിനെ മാറ്റണം. വ്യവസായ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും

കൈവശമുള്ള ഭൂമിയുടെ കണക്കെടുപ്പ് നടത്താനും കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിക്കാനും സർക്കാർ തയ്യാറാകണം.

<u>ശ്രീ. വാഴൂർ സോമൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതും തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായി പ്ലാന്റേഷൻ നയം പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. തോട്ടം മേഖലയെ പ്രതിസന്ധിയിൽനിന്നും കരകയറ്റാൻ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. കാർഷിക മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള വൈദ്യുതി സബ്സിഡി നിശ്ചിത കാലയളവിലേയ്ക്ക് തോട്ടം മേഖലയ്ക്കുകൂടി അനുവദിച്ച് നഷ്ടത്തിലായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ തയ്യാറാകണം. ടൂറിസം മേഖലയിലും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും വൈദ്യുതി വിതരണം ഉറപ്പുവരുത്തണം. സൂര്യതാപം, തിരമാല, കാറ്റ് എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശ്രമമുണ്ടാകണം.

<u>ശ്രീ. എം. എം. മണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചെറുകിട/ഇടത്തരം വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകിയും പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തിയും കാർഷികോല്പന്നങ്ങളുടെ

മൂല്യവർദ്ധിത ഉല്പാദനം നടത്തിയും വ്യവസായ മുന്നേറ്റത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഊർജ്ജോല്പാദനം വർദ്ധിപ്പിച്ചും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയും പവർകട്ടും ലോഡ് ഷെഡിംഗും ഒഴിവാക്കിയും ഊർജ്ജ മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പള്ളിവാസൽ ജലവൈദ്യുത പദ്ധതി പുനരുജ്ജീവിപ്പിച്ചതും കൊച്ചി-മാടക്കത്തറ, പകലൂർ-തൃശ്ശൂർ ലൈനുകൾ പൂർത്തിയാക്കാൻ സാധിച്ചതും ശ്രദ്ധേയമാണ്. ഉല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഊർജ്ജലാഭത്തിനുള്ള കർമ്മപരിപാടികൾ കൂടി ആവിഷ്കരിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഫോപാർക്കിലെയും ഐ.ടി. പാർക്കുകളിലെയും കമ്പനികൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ സ്മാർട്ട്സിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്പനികൾക്കും ബാധകമാക്കണം. ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനാവശ്യമായ സ്ഥലം കണ്ടെത്തണം. സ്മാർട്ട് സിറ്റിക്ക് പാട്ടത്തിന് നൽകിയ സ്ഥലം മറിച്ചുവിൽക്കുന്നത് സംബന്ധിച്ച് അന്വേഷിക്കാനും കടമ്പ്രയാറിലെ മലിനീകരണം തടയുന്നതിനും നടപടി സ്വീകരിക്കണം. കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിന്

വ്യവസായ വകുപ്പ് തയ്യാറാകണം. വൈദ്യുതി വിതരണത്തിനായി അണ്ടർ ഗ്രൗണ്ട് കേബിളിംഗ് സംവിധാനം നടപ്പാക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉത്തരവാദിത്ത നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിയമാനുസൃതമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സംവിധാനം നടപ്പാക്കുന്നതാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കുള്ള സ്ഥലമെടുപ്പ് ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. കാർഷിക മേഖലയിൽ ODOP (One District One Product) പദ്ധതി നടപ്പിലാക്കാനും ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വിപുലപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് ഏറ്റെടുത്ത് വ്യവസായം ആരംഭിക്കുന്നതാണ്. കയർ മേഖലയിൽ തൊണ്ടിന്റെ ഉപയോഗവും കയറിന്റെ ഉല്പാദനവും വർദ്ധിപ്പിക്കുന്നതാണ്. ഹാന്റക്സിന്റെ പുന:സംഘടന പരിഗണിക്കുന്നതോടൊപ്പം കൈത്തറി മേഖലയിൽ മുള ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതുമാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കരട് മാസ്റ്റർ പ്ലാൻ ഒരു മാസത്തിനുള്ളിൽ

തയ്യാറാക്കുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മൂന്നംഗ സമിതിയെ നിയമിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്ന തരത്തിലുള്ള വ്യവസായങ്ങൾക്കാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനാവശ്യമായ പിന്തുണ വകുപ്പ് നൽകുന്നതാണ്. പ്ലാന്റേഷൻ നയം പുന:പരിശോധിക്കുകയും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുകയും ചെയ്യുന്നതാണ്. കാഷ്യൂ ഇൻഡസ്ട്രിയെ നെഗറ്റീവ് ലിസ്റ്റിൽനിന്നും മാറ്റുന്നതിനും സിമന്റ് നിർമ്മാണം വർദ്ധിപ്പിക്കുന്നതിനും റിഫൈനറികളിൽനിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഉല്പാദന യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ്. വ്യവസായ രംഗത്ത് സംരംഭകരെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കിയതും ഉത്പാദനമേഖലയിൽ പുതിയ പദ്ധതികൾ

പൂർത്തിയാക്കിയതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകളും സെക്ഷൻ ഓഫീസുകളും സ്ഥാപിക്കുകയും ബി.പി.എൽ. വിഭാഗത്തിന് സൗജന്യമായി വൈദ്യുതി നൽകുന്നതിനും ചെലവുകുറഞ്ഞ രീതിയിൽ ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്ന ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിറ്റി, ജലസേചനം, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെയും അധീനതയിലുള്ള പ്രദേശങ്ങളിൽ ഭൗമോപരിതല സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതാണ്. പ്രസരണ മേഖലയിലെ സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. 'ദ്യുതി' പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം 3.6 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതും കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ച് വൈദ്യുതി ഉറപ്പുവരുത്തുന്നതുമാണ്. ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി ഡിവിഷൻ/സബ്ഡിവിഷൻ തലത്തിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതാണ്. വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ

ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതും പുതിയ സർവ്വീസ് കണക്ഷനുകൾക്ക് കവചിത ചാലകങ്ങൾ ഉപയോഗിക്കുന്നതുമാണ്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാന/അർദ്ധ സർക്കാർ ജീവനക്കാർക്ക് വൈദ്യുതി വാഹനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതാണ്. അനർട്ട് വഴിയുള്ള വൈദ്യുത വാഹന സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കുന്നതാണ്. ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് സേവനങ്ങൾ ഓൺലൈൻ വഴിയാക്കുന്നതിനും പുതിയ മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മറയൂർ ആദിവാസി ഊരുകളിൽ പൂർണ്ണസമയ വൈദ്യുതി ഉറപ്പാക്കുന്നതിനും ദരിദ്ര ജനവിഭാഗങ്ങൾക്കും ആദിവാസി-മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കും സോളാർ പ്ലാന്റുകൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ലോക്ഡൗൺ പ്രതിസന്ധി നേരിടുന്ന വാണിജ്യ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽതുക ലഘൂകരിക്കുന്നതും നിലവിലുള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നതിന് അനുവദിക്കുന്നതുമാണ്. ആദിവാസിക ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനും അങ്കണവാടികൾ വൈദ്യുതീകരിക്കാൻ എസ്റ്റിമേറ്റ് തുകയിലും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക്

വൈദ്യുതി നിരക്കിലും ഇളവ് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 35-നെതിരെ 91 വോട്ടുകളോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.

********